കേരളകൗമുദി

1992 ഡിസംബർ 16—1168 ധനു 1 ബുധൻ

മൗലവിമാരും സന്യാസിമാരുമായി ചർച്ച നടത്തുന്നതിൽ എതിർപ്പ്

അയോദ്ധ്യക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കി മുന്നോട്ട് പോകുന്ന കേന്ദ്രഗവൺമെൻറിൻെറ നയത്തിൽ കേന്ദ്ര നേതാക്കൻമാർക്കുതന്നെ വിശ്വാസം നശിച്ചു തുടങ്ങിയിരിക്കുന്നു. അയോദ്ധ്യയിൽ സ്വീകരിക്കേണ്ട ഭാവി നടപടികളെപ്പറ്റിയുള്ള ചർച്ചകളിൽ ഒരു വിഭാഗത്തിൽപ്പെട്ട മതനേതാക്കൻമാരേയും സംബന്ധിപ്പിക്കരുതെന്ന് കേന്ദ്ര പ്രതിരോധവകുപ്പുമന്ത്രി ശരദ് പവ്വാർ ബോംബെയിൽ വച്ച് പ്രസ്താവിച്ചു. കഴിഞ്ഞകാല അനുഭവം വച്ചുനോക്കിയാൽ മൗലവിമാരുമായും സന്യാസിമാരുമായും ഇനി ചർച്ച നടത്തേണ്ടതില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇത് തൻെറ വ്യക്തിപരമായ അഭിപ്രായമാണെന്നും എന്നാൽ, സന്ദർഭം വരുമ്പോൾ തൻെറ അഭിപ്രായം പ്രധാനമന്ത്രിയെ അറിയിക്കുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

ആരാധനാലയങ്ങളുടെ പേര് പറഞ്ഞ് വാശിപിടിക്കുന്നവരെ

...ന്ത്രിക്കാൻ കഴിയാത്ത നേതാക്കൻമാരുമായി ചർച്ച നടത്തേണ്ട കാര്യമില്ലെന്ന അഭിപ്രായമാണ് കോൺഗ്രസ്സിൽ ശക്തിപ്പെട്ടുവരുന്നത്.

അയോദ്ധ്യയിൽ അമ്പലവും പള്ളിയും ഉടൻ പണിയണമെന്ന് ശാഠ്യപൂർവ്വം ആവശ്യപ്പെടുന്നവരോട് ശ്രീ. ശരദ് പവ്വാർ വിയോജിക്കുന്നു. പന്ത്രണ്ടു മാസത്തിനുള്ളിൽ പണിഞ്ഞാൽ മതിയെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. അത്യാവശ്യമായ ശ്രദ്ധ ആവശ്യപ്പെടുന്ന കൂടുതൽ പ്രാധാന്യമുള്ള മറ്റനേകം പ്രശ്നങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ്സിലെ പൊതുവായ ചിന്താഗതി ഇതാണെന്ന് അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു.

മതവിഭാഗങ്ങളുടെ നേതൃത്വം അവകാശപ്പെടുന്നവരോട് രാജ്യം ഭരിക്കുന്നവർക്കുണ്ടായിരിക്കുന്ന മനോഭാവമാറ്റത്തെപ്പറ്റി രണ്ടഭിപ്രായമുണ്ടാകാം. എന്നാൽ, ഈ മാറ്റത്തിനുത്തരവാദികൾ മതനേതാക്കൻമാർ തന്നെയാണെന്ന കാര്യത്തിൽ

കന്നുകാലികൾ ആപത്തുണ്ടാക്കുമോ?

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

"ഉണ്ടാക്കാം"-എന്നു പറയാൻ മടിക്കുന്നില്ല, പരിസ്ഥിതി പ്രവീണൻമാർ. ഉറ്റ മിത്രങ്ങളായിട്ടേ ഇതുവരെ അവയെ മനുഷ്യൻ പരിഗണിച്ചിരുന്നുള്ളു. ആടുമാടുകളുണ്ടാക്കുന്ന ആപത്തിനെപ്പറ്റി, അതുകൊണ്ട്, ആഴത്തിലുള്ള പഠനങ്ങൾക്ക് അധികംപേർ തയ്യാറായില്ല. ഇന്ന് അതു മാറിയിരിക്കുന്നു.......

മനുഷ്യപുരോഗതിയിൽ ഒരു ഘട്ടത്തിലും കന്നുകാലികളെ ഒഴിച്ചു നിറുത്തിയിട്ടില്ല. കുടിയുറച്ച് കൃഷിയാരംഭിക്കുന്നതിനെത്രയോ മുമ്പ് മനുഷ്യർ ഇന്നത്തെ കന്നുകാലികളുടെ മുൻഗാമികളായിരുന്ന കാട്ടുമൃഗ ജാതികളെ, മെരുക്കിയെടുത്തു. കൃഷിക്കാരനാകുന്നതിനു മുമ്പ്, അവൻ ഇടയനായിരുന്നു. കന്നുകാലിപറ്റങ്ങളെ തെളിച്ച് സഞ്ചാരവർഗ്ഗക്കാരായി എത്രയെത്ര കാലമാണ് മനുഷ്യർ ജീവിച്ചത്! പിന്നെ കൃഷിയും സ്ഥിരവാസവുമായപ്പോൾ, കന്നുകാലികൾ, ആ നൂതന ജീവിതത്തെ എന്തെല്ലാം വിധത്തിലാണ്, വളരാനും വികസിക്കാനും സഹായിച്ചത്!

പ്രകൃതിപ്രേമിയും തത്വചിന്തകനും ആധുനിക സാങ്കേതിക സംസ്കാരത്തെ അപ്പാടെ ന്യായീകരിക്കാത്തയാളും, പരിസ്ഥിതി ചിന്താപ്രചാരകനുമെന്ന് പ്രസിദ്ധനുമായ ഒരു ഗ്രന്ഥകാരനാണ് ജെറിമി റിഫ്കിൻ. അദ്ദഹം അസാധാരണമായ ഒരാധികാരിക ഗ്രന്ഥം അടുത്തകാലത്ത് പ്രസിദ്ധപ്പെടുത്തി. പുസ്തകത്തിൻെറ പേരിൽ നിന്നുപോലും ഉള്ളടക്കത്തെക്കുറിച്ച് ഊഹിക്കാനൊക്കും.–"Beyond Beef: The Rise and fall of the cattle Culture-[1992]"അതിലെ ഉള്ളടക്കത്തെ ആധാരമാക്കി ഇംഗ്ലണ്ടിലെ ഒരു വിശിഷ്ട മാസികയിൽ ദീർഘമായ ഒരു ലേഖനം കാണാനിടയായി. നമുക്കും നമ്മുടെ അവസ്ഥയ്ക്കും പ്രസക്തിയുള്ളതാണ് അത്.

അവയുടെ എണ്ണമെത്രയെന്ന യാഥാർത്ഥ്യം അറിഞ്ഞാലേ കന്നുകാലികൾ ഇവിടെയുളവാക്കുന്ന ആഘട്ടനം [impact] എത്രയെന്നു സങ്കല്പിക്കാൻ സാധിക്കൂ. ഏറ്റവുമൊടുവിൽ കിട്ടിയ കണക്കനുസരിച്ച് ലോകത്ത് മൊത്തം 12,62,862 ആയിരം കന്നുകാലികളുണ്ട്! രാജ്യം തിരിച്ചു നോക്കുമ്പോൾ കന്നുകാലിക്കൂട്ടത്തിന് ഒന്നാംസ്ഥാനം ഇന്ത്യയ്ക്കാണെന്നു പറയട്ടെ-ഇവിടെ 1,97,300 ആയിരം കന്നുകാലികളുണ്ട്!


വട്ടസംഖ്യയിൽ 12,700 ലക്ഷം കന്നുകാലികൾ ലോകത്തിലുണ്ടെന്നു കരുതിയാൽ, അവയ്ക്കു വസിക്കാൻ വേണ്ട ഭൂതലത്തിൻെറ വിസ്തീർണ്ണം, ഇവിടെ ലഭ്യമാകുന്ന കരയുടെ ഇരുപത്തിനാലുശതമാനത്തോളമാണ്! മൊത്തം ഭാരം മനുഷ്യരുടെതിനെക്കാൾ എത്രയോ കൂടുതൽ വരും! അന്യഗൃഹവാസിയായ ഒരു നിരീക്ഷകൻ അവിടെ നിന്നുകൊണ്ട് ഇവിടേക്കു നോക്കിയാൽ, ഇവിടത്തെ അവസ്ഥ ദർശിക്കാനയാൾക്ക് സാധിച്ചാൽ, കാണുന്നത് കന്നുകാലികളെയായിരിക്കും! ഇത് കന്നുകാലികളുടെ ഗോളമെന്നേ അയാൾ കരുതൂ!

> **ക**ന്നുകാലി വളർത്തൽ വൻകിട വ്യവസായ-വാണിജ്യാടിസ്ഥാനത്തിൽ ഉറപ്പിക്കുമ്പോൾ പരിസ്ഥിതിക്കു പിണയുന്ന ക്ഷതത്തെക്കുറിച്ചു വളരെ കുറച്ചേ ഗവേഷണങ്ങൾ നടന്നിട്ടുള്ളു. ഇന്ന് ലഭ്യമായ കണക്കുകൾ തന്നെ അതിൻെറ ബീഭത്സരൂപം സ്പഷ്ടമാക്കാൻ പോന്നവതന്നെ.

മെസൊപൊട്ടേമിയയിലാണത്രെ മനുഷ്യർ ആദ്യം കന്നുകാലികളെ മെരുക്കിയെടുത്തത്. അത് പാശ്ചാത്യരുടെ പക്ഷമാണ്. അതേ കാലത്തോ, ഒരു പക്ഷേ, അതിനുമുമ്പോ ഭാരതവാസികൾ സ്വതന്ത്രമായി അത് ഇവിടെ സാധിച്ചിരിക്കണം. സൈന്ധവ സംസ്കാരം വളർത്തിയ സിന്ധൂനദീതട വാസികൾ എത്രയോ നേരത്തെ കന്നുകാലികളെ മെരുക്കി പ്രായോഗികാവശ്യങ്ങൾക്കുപയോഗപ്പെടുത്തിയെന്നു പറയാം. അവിടെ നിന്നു കുഴിച്ചെടുത്തിട്ടുള്ള അവശിഷ്ടങ്ങളിലെ പ്രധാന വസ്തുക്കളായ മുദ്രകളിൽ കന്നുകാലികളുടെ പ്രത്യേകിച്ച് പശുക്കളുടെയും കാളകളുടെയും രൂപങ്ങളാണ് മുദ്രണം ചെയ്തിരിക്കുന്നത്.

1494 ൽ കൊളംബസ്സാണ് അമേരിക്കൻ പ്രദേശത്ത് കന്നുകാലികളെ ആദ്യമായി കുടിയേറ്റിയത്. അതിനു മുമ്പ് അവിടെ വിഹരിച്ചിരുന്നത് കാട്ടുപോത്തും മറ്റുമാണ്. ക്രമേണ പച്ചപ്പുൽസമതലങ്ങളിൽ കന്നുകാലികളുടെ യൂറോപ്യൻ ജനുസ്സുകൾ കൂത്താടാൻ തുടങ്ങി. 1870 ആയപ്പോഴേക്കും അർജൻറീനയിലെ സമതലങ്ങളിൽ മാത്രം, അവിടെ കുടിയുറപ്പിച്ച 130 ലക്ഷം കന്നുകാലികൾ മേഞ്ഞുനടന്നിരുന്നു! വെള്ളക്കാരുടെ മാട്ടിറച്ചിയാർത്തി തൃപ്തിപ്പെടുത്താൻ പുതിയ സാഹചര്യം സൗകര്യമുണ്ടാക്കി.

ബ്രിട്ടീഷുകാർക്ക് മാട്ടിറച്ചിയോടുള്ള അത്യാർത്തി കുപ്രസിദ്ധമാണ്. വ്യവസായ വിപ്ലവാരംഭകാലത്ത്, ആഡംബര വിഭവമായിരുന്നെങ്കിലും ഏറ്റവും കൂടുതൽ മാട്ടിറച്ചി കഴിച്ചിരുന്നത് അവരാണ്. 1726 ൽ ലണ്ടനിലെ ഇറച്ചിച്ചന്തയിൽ വില്ക്കാൻ ആണ്ടുതോറും 1,00,000 കന്നുകാലികളെ കശാപ്പു ചെയ്തിരുന്നതായി രേഖകളുണ്ട്! വെറും ഇറച്ചിയല്ല, കൊഴുപ്പ് ധാരാളമുള്ള മാംസത്തോടായിരുന്നു കൂടുതൽ പ്രിയം. അത്തരം കാളകളെ പ്രത്യേക ശ്രദ്ധയോടെ പരിണാമപ്പെടുത്തി വളർത്താൻ കാണിച്ചിട്ടുള്ള താല്പര്യം എടുത്തുപറയേണ്ടതാണ്. 3000 റാത്തൽ ഭാരമുള്ള "ഡറാം കാള" അതിലൊന്നാണ്!



വ്യവസായ-വാണിജ്യാടിസ്ഥാനത്തിൽ കന്നുകാലികളെ വളർത്തുന്ന ഒരു ആധുനിക സങ്കേതം.

ഇറച്ചിക്കാളകളുടെ തൂക്കവും കൊഴുപ്പും എപ്രകാരമാണ് വർദ്ധിപ്പിച്ചതെന്ന വസ്തുതയാണ് ഇവിടെ പ്രസക്തം. പുല്ലും വയ്ക്കോലുമല്ല അവയ്ക്ക് തീറ്റയായിത്തീർന്നത്-മനുഷ്യനുതകേണ്ട ഭക്ഷണവിഭവമായ ധാന്യങ്ങളാണ്!

വ്യവസായ വിപ്ലവത്തിൻെറ വിജയം വരുത്തിയ പുതിയ സാമൂഹിക സംവിധാനത്തിൽ കാളയിറച്ചിക്കാണ് ഏറ്റവും വലിയ ഡിമാൻറുണ്ടായത്! ആഭ്യന്തരോത്പ്പാദനംകൊണ്ട് തികയാതായി! അയർലണ്ടിലേയും സ്കോട്ട്ലൻഡിലേയും സമതലങ്ങളിൽ മേഞ്ഞിരുന്ന ജനുസ്സുകൾ അമേരിക്കകളിലെ പച്ചപ്പുൽമേടുകളിലെത്തിയപ്പോൾ, അവയ്ക്ക് ഇടം കൊടുക്കാനും വർദ്ധിക്കാനും കളമൊരുക്കിയത്, തദ്ദേശീയങ്ങളായ ജന്തുജാലങ്ങളെ നിർദ്ദയമായി നശിപ്പിച്ചായിരുന്നു!

ഐക്യനാടുകളിൽ ആടുമാടുകളെ തീറ്റിപ്പോറ്റുന്ന രീതിയിൽ വന്ന മാറ്റമാണ് മറ്റൊരു പ്രസക്തമായ കാര്യം. രണ്ടാം ലോകമഹായുദ്ധാരംഭകാലത്ത്, 220 ലക്ഷം കന്നുകാലികൾക്ക്, തീറ്റയായി കൊടുത്തിരുന്നത് ധാന്യങ്ങളാണ്! 1950–1990 കാലയളവിൽ ഇത് 800 ൽ നിന്ന് 1000 ലക്ഷമായി വർദ്ധിച്ചു! ഇന്ന് ഐക്യനാടുകളിലെ ധാന്യയുൽപ്പാദനത്തിൽ എഴുപതു ശതമാനത്തിലധികം കന്നുകാലികളെ തീറ്റിപ്പോറ്റാനാണ് ഉപയോഗിച്ചുവരുന്നത്! അമേരിക്കൻ ഐക്യനാടുകളിലെ മൊത്തം ജനങ്ങൾ ആഹരിക്കുന്ന ധാന്യങ്ങളിലെട്ടിരട്ടിയോളം കന്നുകാലികൾക്ക് കൊടുക്കുന്നു! അഖിലലോകാടിസ്ഥാനത്തിൽ പറഞ്ഞാൽ ലോകത്ത് മൊത്തമുല്പാദിപ്പിക്കുന്ന ധാന്യത്തിൽ മൂന്നിലൊരുപങ്ക്, മനുഷ്യരുടെ വിശപ്പടക്കാനല്ല, കന്നുകാലിയിറച്ചിയുല്പാദിപ്പിക്കാൻ ആ നാല്ക്കാലികൾക്കാണ് കൊടുക്കുന്നത്! 6000 ലക്ഷം ടണ്ണോളം വരും ഈ ധാന്യം! കന്നുകാലികൾക്കു വേണ്ടി ചെലവാക്കാതിരുന്നാൽ 1000 ലക്ഷം പാവങ്ങളുടെ വിശപ്പടക്കാൻ ഇതു മതിയാകും!

കന്നുകാലി വളർത്തൽ വൻകിട വ്യവസായ-വാണിജ്യാടിസ്ഥാനത്തിൽ ഉറപ്പിക്കുമ്പോൾ പരിസ്ഥിതിക്കു പിണയുന്ന ക്ഷതത്തെക്കുറിച്ച് വളരെക്കുറച്ചേ ഗവേഷണങ്ങൾ നടന്നിട്ടുള്ളു. ഇന്നു ലഭ്യമായ കണക്കുകൾ തന്നെ അതിൻെറ ബീഭത്സരൂപം സ്പഷ്ടമാക്കാൻ പോന്നവതന്നെ. 1960 നുശേഷം മദ്ധ്യ അമേരിക്കകളിലെ ഇരുപത്തിയഞ്ചു ശതമാനത്തോളം വനങ്ങൾ വെട്ടിയഴിച്ചത്, കന്നുകാലികൾക്കുള്ള മേച്ചിൽ സ്ഥലങ്ങളൊരുക്കാനായിരുന്നു. 1966-83 കാലത്ത് 40,000 ച. മൈൽ ആമസോൺ വനപ്രദേശം ഇപ്രകാരം വെട്ടിത്തെളിച്ചു പുൽമേടുകളാക്കി. ബ്രസീലിലെ സർക്കാരിൻെറ സ്ഥിതിവിവരങ്ങളനുസരിച്ച് വെട്ടിത്തെളിച്ച കാടിൻെറ മുപ്പത്തിയെട്ടു ശതമാനവും കന്നുകാലികൾക്ക് മേച്ചിൽമേടുകളുണ്ടാക്കാനായിരുന്നു!

വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിൻെറ നിഗമനങ്ങളനുസരിച്ച് ഒരു റാത്തൽ മാട്ടിറച്ചിയുല്പാദിപ്പിക്കുമ്പോൾ മുപ്പത്തിയഞ്ചു റാത്തൽ മേൽമണ്ണാണ് ഒലിച്ചുപോകുന്നത്! ആഫ്രിക്കയിലെ ചില ഊഷരപ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. കന്നുകാലി വളർത്തലിനെയും ഇത് വളരെ പ്രോത്സാഹിപ്പിച്ചിരിക്കുന്നു. അവ അടുത്ത പ്രദേശങ്ങളിലേക്കാണ് മേയാൻ പോകുന്നത്. ക്രമേണ അവിടവും ഊഷരപ്രദേശമായി മാറുന്നു! 1975–84 കാലത്ത് ആഫ്രിക്കയിൽ ആകെ 180 ലക്ഷം കന്നുകാലികൾ ഇങ്ങനെ മേഞ്ഞിരുന്നു. അതായത് ആളൊന്നിന് മൂന്നു കന്നുകാലികൾ! സുഡാനിൽ മാത്രം ഈ അവസ്ഥാവിശേഷത്താൽ 12–25 നാഴികയോളം മണൽ പ്രദേശമാണ് പഴയതിനോട് ചേരുന്നത്!

ഇവിടെ പറഞ്ഞിട്ടുള്ള കണക്കുകളിലൂടെ പ്രത്യക്ഷമാകുന്ന കന്നുകാലികളുടെ ചിത്രം, നമ്മുടെ അറിവിൽപ്പെട്ടിട്ടുള്ള മിണ്ടാപ്രാണികളുടേതല്ല. പ്രകൃതിക്ക് ഇന്ന് വലിയ വിപത്തുവരുത്തുന്ന ബീഭത്സമുഖമാണിവയിലൂടെ കന്നുകാലികൾ കാട്ടുന്നത്. ഇതിൽ വലിയ ഒരു പങ്കിന് ഉത്തരവാദികൾ സമ്പന്നരാജ്യങ്ങളുമാണ്.